# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.6001 - 02/04/2018 -ലെ മറുപടിക്ക്

### വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി

ചോദ്യം

ശ്രീ.രാജു എബ്രഹാം

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാന സർക്കാർ നടപ്പാക്കുന്ന വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം വായ്പ എടുത്തയാൾ എത്ര ശതമാനമാണ് ബാങ്കിൽ അടക്കേണ്ടിവരിക; പലിശയും പിഴ പലിശയുമുൾപ്പെടെ ആകെ വരുന്ന കുടിശ്ശികതുകയുടെ നിശ്ചിത ശതമാനം തുകയാണോ, അതോ വായ്പ അനുവദിച്ച തുകയുടെയാണോ അടക്കേണ്ടിവരിക എന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര ശതമാനം തുകയാണ് സർക്കാർ അടയ്ക്കുക; | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നോൺ എൻ.പി.എ / സ്റ്റാന്റേർഡ് വിഭാഗത്തിൽ നിബന്ധനകൾക്കു വിധേയമായി പരമാവധി നാല് വർഷത്തേയ്ക്ക് തിരിച്ചടവ് തുക (മുതലും പലിശയും) യുടെ 90:10, 75:25, 50:50, 25:75 എന്നീ അനുപാതത്തിൽ സർക്കാരും വായ്പാക്കാരനും അടയ്ക്കുന്ന ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. നിഷ്ക്രിയ ആസ്തി വിഭാഗത്തിൽ നാലു ലക്ഷം രൂപവരെയുള്ള വിഭാഗത്തിൽ വിതരണം ചെയ്ത തുകയും നിയമപരമായ ചെലവുകളുണ്ടെങ്കിൽ അതും ഉൾപ്പെടെയുള്ള തുകയുടെ 40% തുക വായ്പാക്കാരനും 60% തുക സർക്കാരും വഹിക്കും. പലിശ ബാങ്കുകൾ ഇളവ് ചെയ്യുന്നതാണ്. നാലു മുതൽ ഒൻപത് ലക്ഷം വരെയുള്ള വിഭാഗത്തിൽ മുതലിന്റെ 50% തുക (പരമാവധി 2,40,000/- രൂപ വരെ) ബാങ്കുകൾ പലിശ ഇളവ് നൽകുന്ന പക്ഷം സർക്കാർ വഹിക്കുന്നതാണ്. ബാക്കി മുതൽ തുക വായ്പാക്കാരൻ വഹിക്കണം. പലിശ ഒഴിവാക്കുന്നതിന് അതാത് ബാങ്കുകളിൽ നിലവിലുള്ള പാക്കേജുകൾ പ്രകാരമുള്ള രീതിയാണ് അവലംബിക്കുന്നത്. വായ്പാക്കാരന്റെ വിഹിതം ഈടാക്കേണ്ടതു സംബന്ധിച്ച നിബന്ധനകൾ സ.ഉ.(പി) നം.65/2017/ധന. തീയതി-16.05.2017, സർക്കുലർ നം. 81/2017/ധന. തീയതി. 20.11.2017 എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്. |

<table>
<tr><td>ബി</td><td>ഇതേ സമയം ബാങ്കുകൾ സമാന്തരമായി വിദ്യാഭ്യാസ വായ്പ കുടിശ്ശിക വരുത്തിയവരിൽ നിന്നും സർക്കാർ പദ്ധതിയാണെന്ന് പറഞ്ഞ് പലിശയും പിഴപലിശയും വായ്പാ തുകയുടെ ബാക്കിനിൽക്കുന്ന തുകയും കൂട്ടി അതിന്റെ 40% തുക അടപ്പിക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;</td><td rowspan="2">സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള കിഴിവുകൾ അനുവദിക്കുന്നതിന് താൽപര്യം അറിയിച്ചിട്ടുള്ള ബാങ്കുകളാണ് പ്രസ്തുത പദ്ധതിയിൽ പങ്കെടുക്കുന്നത്. പ്രസ്തുത ബാങ്കുകൾ വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയിൻ കീഴിൽ അപേക്ഷ നൽകിയിട്ടുള്ള യോഗ്യരായ അപേക്ഷകരിൽ നിന്നും പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക വിരുദ്ധമായി തുക ഈടാക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടില്ല. അത്തരത്തിൽ പരാതികൾ ശ്രദ്ധയിൽ പെടുന്ന പക്ഷം ആയത് അന്വേഷിക്കാൻ സംസ്ഥാനതല ബാങ്കിംഗ് സമിതിയോട് ആവശ്യപ്പെടുന്നതാണ്.</td></tr>
<tr><td>ഡി</td><td>സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധിക തുക ഈടാക്കിയിട്ടുള്ള ബാങ്കുകൾ ഉണ്ടെങ്കിൽ അധിക തുക വായ്പക്കാർക്ക് തിരിച്ചുനൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ക്രമക്കേട് നടത്തിയിട്ടുള്ള ബാങ്ക് അധികൃതർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?</td></tr>
<tr><td>സി</td><td>അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച് ബാങ്കുകൾ ഉപഭോക്താക്കൾക്ക് കൈപ്പറ്റ് രസീത് നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം അപേക്ഷ നൽകിയിട്ടുള്ള മുഴുവൻ പേർക്കും കൈപ്പറ്റ് രസീത് നൽകാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകുമോ;</td><td>16.05.2017 തീയതിയിലെ സർക്കാർ ഉത്തരവ് (പി)നം.65/2017/ധനം -ത്തിന്റെ ഖണ്ഡിക 10(ഡി) പ്രകാരം വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയ്ക്ക് കീഴിൽ സ്വീകരിക്കപ്പെടുന്ന അപേക്ഷകൾക്ക് ബാങ്ക് കൈപ്പറ്റ് രസീത് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ